**ആരോഗ്യകരമായ വൃദ്ധസദനങ്ങൾ അനിവാര്യമാണ്, സംശയമില്ല. അതേസമയം ഒറ്റക്കാണെങ്കിൽ അവർക്കൊരു കൂട്ടുകാരനെ / കൂട്ടുകാരിയെ നൽകുന്നതിനെ കുറിച്ച് എന്തേ ചിന്തിച്ചുകൂടാ?**

**ആനന്ദൻ**

# ലൈംഗികത നിഷേധിക്കുമ്പോൾ

**ലൈംഗികാവകാശങ്ങളും** മനുഷ്യാവകാശങ്ങളായി വിലയിരുത്തിയാൽ ലോകത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശലംഘകർ മലയാളിയായിരിക്കും. ഭക്ഷണവും പാർപ്പിടവും വസ്ത്രവും വിദ്യാഭ്യാസവും മറ്റും മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളും അവകാശങ്ങളുമായി നാം വിലയിരുത്തുന്നുണ്ട്. നല്ലത്. എന്നാൽ അതുപോലെ തന്നെ പ്രധാനമായ ലൈംഗികതയോടുള്ള നമ്മുടെ സമീപനം എത്രയോ പിന്തിരിപ്പനാണ്. ലൈംഗികമായി ആരോഗ്യകരമായ ഒരു സമൂഹത്തെ വിഭാവനം ചെയ്യാൻ നമുക്കിനിയും ആകുന്നില്ല.

ലൈംഗികാവകാശങ്ങൾ നിഷേധിക്കപ്പെടുന്ന എത്രയോ ജനവിഭാഗങ്ങൾ കേരളത്തിലുണ്ട്. ഒളിച്ചും പാത്തും പലരും ലൈംഗികാവശ്യങ്ങൾ നിർവ്വഹിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അത്തരമൊരവസ്ഥ ഒരിക്കലും സന്തോഷകരമാകാറില്ല എന്നതാണ് സത്യം. തുറിച്ചും ഒളിച്ചും നോക്കുന്ന നൂറുകണക്കിനു കണ്ണുകൾക്കുമുന്നിൽ അതസാധ്യവുമാണ്. ഏകമാർഗ്ഗം വിവാഹത്തിനുള്ള കാത്തിരിപ്പ്. എന്നാൽ സംഭവിക്കുന്നതെന്താ? ലൈംഗിക വിദ്യാഭ്യാസമോ അതേകുറിച്ചുള്ള യഥാർത്ഥ അവബോധമോ ഇല്ലാതെ വിവാഹജീവിത്തിലേക്കു പ്രവേശിക്കുമ്പോൾ സംഭവിക്കുന്നതെന്താ? അതറിയണമെങ്കിൽ കുടുംബകോടതി അഭിഭാഷകരുമായി സംസാരിച്ചാൽമതി. മിക്ക വിവാഹമോചനങ്ങൾക്കും കാരണം ഇന്ന് ലൈംഗികപ്രശ്നങ്ങളാണത്രെ. മറുവശത്ത് ലൈംഗികമായ അറിവ് നിഷേധിക്കപ്പെടുന്ന കുഞ്ഞുങ്ങളാകട്ടെ ലൈംഗിക പീഡന ശ്രമങ്ങളെ അതിജീവിക്കാൻ കഴിവില്ലാത്തവരായി വളരുന്നു. കുടുംബങ്ങൾക്കകത്തും പുറത്തും അവർ പീഡിപ്പിക്കപ്പെടുന്നു. അങ്ങനെ സുരക്ഷിതത്വത്തോടെ വളരാനുള്ള കുഞ്ഞുങ്ങളുടെ അവകാശത്തേയും നാം ധ്വംസിക്കുന്നു.

സുരക്ഷിതമായ ജോലിക്കുവേണ്ടിയുള്ള കാത്തിരിപ്പാണ് യുവാക്കളുടെ വിവാഹജീവിതത്തെ വൈകിക്കുന്നതെങ്കിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ പെൺകുട്ടികളുടെ വിവാഹവും വൈകിപ്പിക്കുന്നു. ഫലമന്താ? ലൈംഗികമായ അറിവി

നായി കാത്തിരിക്കുന് ഒരു യുവജന സമൂഹമാണ് ഇവിടെ രൂപം കൊണ്ടിരിക്കുന്നത്. മറ്റെല്ലാം അവർക്ക് അപ്രസക്തമായിമാറുന്നു. സാഹിത്യത്തിലേയും സിനിമയിലേയും പൊതുയിടങ്ങളിലേയുമെല്ലാം മുഖ്യചർച്ചാവിഷയം ഇതുമാത്രമായി മാറുന്നു.  ഒരു സാധാരണ സംഭവമായി മാറേണ്ട ഒന്നുമായി ബന്ധപ്പെട്ട് ജീവിതത്തിന്റെ ഏറ്റവും നല്ലകാലം നഷ്ടപ്പെടുന്നു. വിവാഹത്തിനാവശ്യമായ പണമില്ലാത്തതിനാൽ പെൺകുട്ടികളെ പലരേയും മഠങ്ങളിലേക്കയക്കുന്നു. അവിടങ്ങൾ ലൈംഗികതയുടെ ഒളിത്താവളങ്ങളാകുന്നു. മറ്റു സമുദായങ്ങളിലും സമാനമായ അവസ്ഥ സംജാതമാകുന്നു. വികലാംഗർ, സൗന്ദര്യം കുറഞ്ഞവർ, കറുത്തവർ തുടങ്ങി എത്രയോ വിഭാഗങ്ങൾക്ക് വിവാഹവും വിവാഹബാഹ്യലൈംഗികതയും നാം നിഷേധിക്കുന്നു. അഥവാ ഏതെങ്കിലും രീതിയിലുള്ള കുതറലുകൾ ഉണ്ടായാലോ കൊലപാതകികളേക്കാൾ വലിയ കുറ്റവാളികളായി ഇവർ മാറുന്നു.

വിധവകളുടേയും വിഭാര്യരുടേയും അവസ്ഥയും വ്യത്യസ്ഥമല്ല. രണ്ടാമതൊരു വിവാഹം മിക്കപ്പോഴും ഇവർക്ക് അസാധ്യമാണ്. പലപ്പോഴും കുഞ്ഞുങ്ങള വളർത്തി വലുതാക്കി കറിവേപ്പിലയാകാനാണ് ഇവരുടെ യോഗം. സ്വാഭാവികമായും സ്ത്രീകളുടെ കാര്യമാണ് കൂടുതൽ കഷ്ടം. അവർക്കുചുറ്റും സദാചാരപോലീസ് കാവലുണ്ടാകും. അവസരം കിട്ടിയാൽ അവർതന്നെയാകും വേട്ടക്കാർ. പണ്ടൊക്കെ വിധവകൾ വെള്ളവസ്ത്രമുടുത്ത്, ആഭരണങ്ങൾ ധരിക്കാതെ, പുറത്തിറങ്ങാതെ ശിഷ്ടജീവിതം നയിക്കണമായിരുന്നു. സത്തയിൽ ഈ അവസ്ഥ ഇപ്പോഴും മാറിയിട്ടില്ല. അതേസമയം ഭർതൃവീട്ടിലും സ്വന്തം വീട്ടിലും ഇവർ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്ന വിവരം ആരുമറിയാതെ പോകുന്നു. ഗൾഫ് മലയാളികളുടെ ഭാര്യമാരുടെ അവസ്ഥയും മറ്റൊന്നല്ല. ഒരുവശത്ത് അവരുടെ ആഗ്രഹാഭിലാഷങ്ങൾ ക്രൂരമായി തടയുമ്പോൾ മറുവശത്ത് അവരും പല രീതിയിൽ പീഡിപ്പിക്കപ്പെടുന്നു. സമീപകാലത്ത് അവരിൽ വലിയൊരു വിഭാഗം ആശ്വാസം തേടുന്നത് വിർച്ചൽ സെക്സിലാണ്. അപ്പോഴും ഗൾഫിലെ മലയാളി പുരു



**മധ്യവയസ്കരാണ് ഇവിടെ നടക്കുന്ന സ്ത്രീപീഡനകേസുകളിൽ കൂടുതലായും പ്രതികളാകുന്നതെന്നത് നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. ലൈംഗികതയോടുള്ള തുറന്ന സമീപനവും ആരോഗ്യകരമായ ബന്ധങ്ങളും മാത്രമാണ് ഇത് മറികടക്കാനുള്ള മാർഗ്ഗം**

ഷന്മാരെ നാം മറക്കുന്നു. കേരളത്തിന്റെ സാമ്പത്തിക  നിലനിൽപ്പിൽ മുഖ്യപങ്കുവഹിക്കുന്ന അവരുടെ ആശയാഭിലാഷങ്ങൾക്ക് ഒരിക്കലും സാഫല്യമുണ്ടാകുന്നില്ല. സമീപകാലത്ത് കേരളത്തെ ഗൾഫാക്കിമാറ്റിയ മറുനാടൻ മലയാളികളുടെ ലൈംഗികതയും ആരുടേയും അജണ്ടയിൽ ഇല്ല.

പ്രായമായവരുടെ കാര്യമാണ് ഇതിലും കഷ്ടം. അവരുടെ സംരക്ഷണം കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായിട്ടുണ്ട്. ഇവരെ ഒറ്റക്കാക്കിയോ വൃദ്ധസദനങ്ങളിലാക്കിയോ വിദേശത്തേക്കും മറ്റും പോകുന്ന മക്കളെ കുറ്റപ്പെടുത്താൻ മത്സരിക്കുന്നു. ആരോഗ്യകരമായ വൃദ്ധസദനങ്ങൾ അനിവാര്യമാണ്. സംശയമില്ല. അതേസമയം ഒറ്റക്കാണെങ്കിൽ അവർക്കൊരു കൂട്ടുകാരനെ / കൂട്ടുകാരിയെ നൽകുന്നതിനെ കുറിച്ച് എന്തേ ചിന്തിച്ചുകൂടാ. വിധവകളോ വിഭാര്യരോ ആയ വൃദ്ധർ വാർദ്ധക്യത്തിൽ ഒരു സാന്ത്വനം ആഗ്രഹിക്കുന്നുണ്ട്. അതിനെ വിവാഹം എന്നുതന്നെ വിളിക്കാം. അതിനുള്ള എല്ലാ സാധ്യതയും കേരളത്തിലുണ്ട്. എന്നാൽ അതംഗീകരിക്കാൻ മക്കൾക്കും മറ്റുള്ളവർക്കും കഴിയുന്നില്ല എന്നതാണ് സത്യം. അതവർക്ക് അപമാനമാണ്. അതോടൊപ്പം തന്നെയാണ് ഇതിലെ സാമ്പത്തിക ഘടകവും. സ്വത്തിനു പുതിയ അവകാശികളാകുമോ എന്ന ഭയം. അതിനു നിയമപരമായി തന്നെ ഒരു പരിഹാരം കാണാൻ കഴിയണം. എങ്കിൽ വാർദ്ധക്യങ്ങളെ അരക്ഷിതാവസ്ഥയിൽനിന്ന് രക്ഷിക്കാനാകും. മാതാപിതാക്കളെ പരിരക്ഷിക്കുന്നില്ലെങ്കിൽ കുറ്റകരമാക്കുമെന്നു പറയുന്നുണ്ട്. അതോടൊപ്പം പ്രധാനമാണ് വീണ്ടുമൊരു പങ്കാളിക്കുവേണ്ടിയുള്ള അവരുടെ അവകാശവും.

ചുരുക്കത്തിൽ വിവാഹിതരായാലും അല്ലെങ്കിലും ലൈംഗികമായി അസംതൃപ്തരായ ജീവിതമാണ് മലയാളിയുടേത്. ഒരു പക്ഷേ, ഏതാനും പതിറ്റാണ്ടുകളുടെ അവസ്ഥയിൽ നിന്നത് ഏറെ പുറകിൽ പോയിരിക്കുന്നു. ഇവിടെ പടർന്നു പന്തലിച്ച വിക്ടോറിയൻ സദാചാരവും കോൺവെന്റ് വിദ്യാഭ്യാസവുമൊക്കെ അതിനു കാരണമായി ചൂണ്ടികാട്ടാറുണ്ട്. ഒരു സ്ത്രീക്കും പുരുഷനും ഒരുമിച്ച് യാത്രചെയ്യാൻ കഴിയാത്ത അവസ്ഥയിലേക്ക് നമ്മുടെ നാട് മാറി. തികച്ചും നിയമവിരുദ്ധമായാണ് അവരെ സദാചാര പോലീസും സാക്ഷാൽ പോലീസും പിടികൂടുന്നത്. ഉഭയ സമ്മതപ്രകാരമുള്ള ലൈംഗികത തെറ്റല്ലെന്ന് എഴുതിവെച്ചിട്ടുള്ള നാട്ടിലാണ് അധികാരികൾതന്നെ നിയമലംഘനം നടത്തുന്നത്. അതിന്റെ മറുവശമായി സ്ത്രീപീഡനങ്ങളും പെൺവാണിഭങ്ങളും. മധ്യവയസ്കരാണ് ഇവിടെ നടക്കുന്ന സ്ത്രീപീഡനകേസുകളിൽ കൂടുതലായും പ്രതികളാകുന്നതെന്നത് നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. ലൈംഗികതയോടുള്ള തുറന്ന സമീപനവും ആരോഗ്യകരമായ ബന്ധങ്ങളും മാത്രമാണ് ഇതു മറികടക്കാനുള്ള മാർഗ്ഗം. വിവാഹ പൂർവ്വമോ ബാഹ്യമോ ആയ ലൈംഗികതയല്ല, മറിച്ച് അതേ കുറിച്ചുള്ള നമ്മുടെ ആവലാതികൾതന്നെയാണ് സ്ഥിതിഗതികൾ ഇത്രയേറെ വഷളാക്കിയിരിക്കുന്നത്.